# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2054 12.02.2013 – ൽ മറുപടിക്ക്**

**ജലമാർഗ്ഗമുള്ള ചരക്കു നീക്കം യാഥാർത്ഥ്യമാക്കാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ജലമാർഗ്ഗമുള്ള ചരക്കു നീക്കം യാഥാർത്ഥ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ജലത്തിൽ കൂടിയുള്ള ചരക്കു ഗതാഗതം യാഥാർത്ഥ്യമാക്കാൻ തീരദേശ കപ്പൽ ഗതാഗതം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളേയും ഉൾനാടൻ ജലഗതാഗതത്തേയും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ബേപ്പൂർ, വിഴിഞ്ഞം, അഴീക്കൽ, കൊല്ലം, കൊടുങ്ങല്ലൂർ, ആലപ്പുഴ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) റോഡ്/റെയിൽ മാർഗം കൈകാര്യം ചെയ്യുന്ന ചരക്കുകളിൽ 2015 ഓടെ 15% വും 2020 ഓടെ 40% വും 2030 ഓടെ 50% വും ജലമാർഗ്ഗം കൈകാര്യം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) സംസ്ഥാനത്തെ തുറമുഖങ്ങളെ എങ്ങനെ | (സി) കേരളത്തിലേയ്ക്ക് വരുന്നവയും കേരളത്തിൽ |

----2

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുത്താനാണ് പ്രസ്തുത പദ്ധതിയിൽ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | നിന്നു പോകുന്നതുമായ ചരക്കുകൾ പരമാവധി തുറമുഖങ്ങൾ വഴി കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ അഴീക്കൽ, ബേപ്പൂർ,കൊടുങ്ങല്ലൂർ, ആലപ്പുഴ, വിഴിഞ്ഞം, കൊല്ലം എന്നീ തുറമുഖങ്ങളിലെ സൗകര്യങ്ങൾ ആയിരിക്കും ഇതിനായി ഉപയോഗപ്പെടുത്തുന്നത്. മേൽപറഞ്ഞ തുറമുഖങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും, പൊതുജന സ്വകാര്യ പങ്കാളിത്തത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | ഇത് സംബന്ധിച്ചുള്ള സാം പിത്രോഡയുടെ നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. ശ്രീ. സാം പിത്രോഡയുടെ നിർദ്ദേശം പരിശോധിക്കുന്നതിനായി ന്യൂഡൽഹിയിലുള്ള ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫോറിൻ ട്രേഡിന്റെ ഡയറക്ടർ ചെയർമാനായും, ഷിപ്പിംഗ് കോർപ്പറേഷന്റെ ചെയർമാൻ, കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം പ്രതിനിധി, കേരള തുറമുഖ ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുറമുഖ വകുപ്പ് ഡയറക്ടർക്ക് കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ബിസിനസ് പ്ലാൻ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

Salgu

സെക്ഷൻ ഓഫീസർ